"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ്-മത്സ്യഫെഡ് വഴി നേരിട്ടും, മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വഴിയും ഗുണഭോക്താക്കളുടെ ആവശ്യകത ഉറപ്പു വരുത്തി എൽ.പി.ജി ഗ്യാസ് സിലിണ്ടർ വിതരണം ചെയ്യുന്നതിന്-അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.295/2024/F&P തീയതി,തിരുവനന്തപുരം, 15-06-2024

---

പരാമർശം:- 1. മത്സ്യഫെഡ് മാനേജിങ് ഡയറക്ടറുടെ 01.02.2024 ലെ Mfed/Mktg/M1/2321/05 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എൽ.പി.ജി. ഗ്യാസ് സിലിണ്ടർ പൊതു മേഖല എണ്ണ കമ്പനികളിൽ നിന്നും സർക്കാർ മാനദണ്ഡ പ്രകാരം വാങ്ങി മത്സ്യഫെഡ് വഴി നേരിട്ടും കൂടാതെ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വഴിയും ഗുണഭോക്താക്കളുടെ ആവശ്യകത ഉറപ്പു വരുത്തി വിതരണം ചെയ്ത് മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനയാനങ്ങളിൽ നിലവിൽ ഉപയോഗിച്ചു വരുന്ന മണ്ണെണ്ണ എഞ്ചിന് പകരം എൽ.പി.ജി. ഉപയോഗിക്കുന്ന എഞ്ചിനാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകണമെന്ന് മത്സ്യഫെഡ് മാനേജിങ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ച് പൊതു മേഖല എണ്ണ കമ്പനികളിൽ നിന്നും എൽ.പി.ജി ഗ്യാസ് സിലിണ്ടർ വാങ്ങേണ്ടതാണെന്ന നിബന്ധനയോടെ മത്സ്യഫെഡ് വഴി നേരിട്ടും കൂടാതെ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വഴിയും ഗുണഭോക്താക്കളുടെ ആവശ്യകത ഉറപ്പു വരുത്തി എൽ.പി.ജി ഗ്യാസ് സിലിണ്ടർ വിതരണം ചെയ്ത് മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനയാനങ്ങളിൽ നിലവിൽ ഉപയോഗിച്ചു വരുന്ന മണ്ണെണ്ണ എഞ്ചിന് പകരം എൽ.പി.ജി. ഉപയോഗിക്കുന്ന എഞ്ചിനാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് മത്സ്യഫെഡിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K S SRINIVAS
പ്രിൻസിപ്പൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം
മാനേജിങ് ഡയറക്ടർ, മത്സ്യഫെഡ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം
ഡയറക്ടർ, വെബ് ആൻഡ് ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് .

ഉത്തരവിൻ പ്രകാരം
Signed by
Asbina A V
Date: 18-06-2024 10:48:08